# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3414 14.03.2017-ൽ മറുപടിക്ക്**

## ഫോറസ്റ്റ് ഗാർഡ് നിയമനം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഫോറസ്റ്റ് ഗാർഡ് നിയമനത്തിൽ സംവരണം അട്ടിമറിച്ചതായി ദീവ.പി.പ്രസന്നൻ (പാറപ്പള്ളിൽ വീട്, കണിമല പി.ഒ., എരുമേലി) 2.6.2016 ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു; | (എ) | നിയമനത്തിൽ സംവരണ തത്വം നടപ്പിലാക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആയതിനാൽ ടിയാൻ 02/06/2016 ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതി അനന്തര നടപടി സ്വീകരിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചു കൊടുത്തിരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ (2600/A4/2015/KTM/KSCSCST) അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസ് 08/04/2010 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച് 08/10/2014 ൽ കാലാവധി അവസാനിച്ചതും റദ്ദ് ചെയ്തതുമായ (കാറ്റഗറി നം.55/2008) റാങ്ക് ലിസ്റ്റിൽ ശ്രീ. ദീപു.പി.പ്രസന്നൻ പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള സപ്ലിമെന്ററി ലിസ്റ്റിൽ രണ്ടാം സ്ഥാനം നേടുകയുണ്ടായി. ഈ റാങ്ക് പട്ടികയിൽ നിന്നും ആകെ 64 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തിരുന്നു. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ അടുത്ത ഊഴം (92 ST) നികത്തുന്നതിനാവശ്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാലാണ് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾ നിയമന ശുപാർശകൾക്ക് പരിഗണിക്കപ്പെടാ- |

തിരുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഊഴം നികത്തുന്നതിനാവശ്യമായ ഒഴിവുകൾ റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ലഭിച്ചിരുന്നുവെങ്കിൽ കൂടി ടി വിഭാഗത്തിൽ ഒന്നാം റാങ്കുകാരനായ ശ്രീ. അജേഷ്.കെ.വി എന്ന ഉദ്യോഗാർത്ഥിയ്ക്കായിരുന്നു നിയമന ശുപാർശ നൽകേണ്ടിയിരുന്നത്. പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ 08/02/2016 ലെ 2600/A4/2015/KTM/ KSCSCST നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ദീപു.പി.പ്രസന്നന് ടി റാങ്ക് പട്ടികയിൽ നിന്നും അർഹതപ്പെട്ട റൊട്ടേഷനും നിയമനത്തിനുള്ള അർഹത, NJD ഒഴിവുകൾ ഉണ്ടോയെന്നതിന്റെയും അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിച്ച് തീരുമാനമെടുക്കുവാൻ പി.എസ്.സി കോട്ടയം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ ടിയാളെ നിയമന ശുപാർശ ചെയ്യുന്നതിനാവശ്യമായ ഒഴിവ് (NJD ഉൾപ്പെടെയുള്ള ഒഴിവുകൾ) ടി റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ കമ്മീഷന്റെ നിലവിലെ സംവരണ മാനദണ്ഡങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട്, ഇക്കാര്യം പുനഃപരിശോധിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

Sd/-

സെക്ഷൻ ഓഫീസർ